പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5150 27.07.2015-ൽ മറുപടിയ്ക്ക്

## സ്പെഷ്യൽ സ്കൂളുകളുടെ അംഗീകാരം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര സ്പെഷ്യൽ സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; അംഗീകാരം ലഭിച്ചതിനു ശേഷം ഇവിടെ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) | അഞ്ച് അംഗീകൃത അൺ എയിഡഡ് സ്പെഷ്യൽ സ്കൂളുകൾ ക്കും നാല് എയിഡഡ് സ്പെഷ്യൽ സ്കൂളുകളിലെ ഹൈസ്കൂൾ വിഭാഗത്തിനും മൂന്ന് എയിഡഡ് സ്പെഷ്യൽ ഹൈസ്കൂളുകളിലെ ഹയർ സെക്കണ്ടറി വിഭാഗത്തിനും എയിഡഡ് പദവി അനുവദിച്ചിട്ടുണ്ട്. ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്കൂളുക ളിൽ 100-ൽ അധികം കുട്ടികൾ ഉള്ളവയ്ക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയിഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ സംബന്ധിച്ച മാനദണ്ഡങ്ങൾ പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) | സ്പെഷ്യൽ സ്കൂളുകൾക്ക് നൽകി വരുന്ന സഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; നിലവിലെ ധനസഹായം | (ബി) | അൺ എയിഡഡ് അഥവാ നോൺ ഗവൺമെന്റൽ ഇൻസ്റ്റിട്യൂഷനായി പ്രവർത്തിക്കുന്ന 210 സ്പെഷ്യൽ സ്കൂളുകൾ ക്കായി 15 കോടിയുടെ ധനസഹായമാണ് കഴിഞ്ഞവർഷം വകയിരുത്തി യിരുന്നത്. ഇതിൽ 12 കോടി വിതരണം ചെയ്തു. 3 കോടിയുടെ വിതരണത്തിനായുള്ള നടപടികൾ |

| | | | |
|---|---|---|---|
| | എത്ര രൂപയാണ്; | | നടന്നുവരുന്നു. 2015-16 വർഷത്തിൽ ഈയിനത്തിൽ 15 കോടി രൂപയാണ് ഗവൺമെന്റ് പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുള്ളത്. |
| (സി) | സ്പെഷ്യൽ സ്കൂളുകളിലെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം നിലവിലുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; നിലവിലുള്ള ജീവനക്കാരെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | 03.11.1969-ലെ സ.ഉ.(പി) 412/69/വി.വ, 05.06.1987-ലെ സ.ഉ.(പി) 121/87/പൊ.വി.വ എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരമാണ് സംസ്ഥാനത്തെ സർക്കാർ/ എയിഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന അന്ധ-ബധിര വിദ്യാർത്ഥികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകളിലെ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിരിക്കുന്നത്. നിലവിലുള്ള ജീവനക്കാരെ സംരക്ഷിക്കുന്നതിനായി പ്രസ്തുത ഉത്തരവുകളിൽ ഭേദഗതി വരുത്തി സ.ഉ.(എം.എസ്)105/15/പൊ.വി.വ തീയതി.08.05.15 പ്രകാരം സംസ്ഥാനത്തെ അന്ധ-ബധിര വിദ്യാർത്ഥികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക - വിദ്യാർത്ഥി അനുപാതം പുതുക്കി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. സ.ഉ.(എം.എസ്)115/15/പൊ.വി.വ തീയതി.15.05.15 പ്രകാരമാണ് ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന 100 കുട്ടികളിൽ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളിലെ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിരിക്കുന്നത്. നിലവിലെ മുഴുവൻ ജീവനക്കാരേയും സംരക്ഷിക്കുന്ന തരത്തിലാണ് പ്രസ്തുത ഉത്തരവിറക്കിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ